

# ദൈവ സഹായം

വാട്ട്സൺ ഗുഡ്മാൺ

പ്രസിദ്ധീകരിച്ചതു.

# ദൈവ സഹായം

ദൈവത്തിൻെറ വചനം ‘‘ഉയരത്തിൽനിന്നു’’ വരുന്നു. അതു് നീതിക്കായി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്ന ഹൃദയത്തിനു് വളരെ സഹായകരവുമാണു്. ഒരുവ്യക്തി പശ്ചാതപിച്ചു് തൻെറ പാപം ഉപേക്ഷിച്ചു് രക്ഷിതാവിൽ വിശ്വസിക്കുമ്പോൾ, ദൈവം തന്നെത്തന്നെ തനിക്കു് പ്രകടമാക്കുകയും, തൻെറ സമാധാനവും, സന്തോഷവും വിശ്വാസികളുടെ ഹൃദയത്തിലേക്കു് പകരുകയും ചെയ്യും. 1937-ൽ ഞാനിതു് അനുഭവിക്കുകയും, അന്നുമുതൽ ഇന്നുവരെയും വിഘ്നാതം കൂടാതെ ഈ അത്ഭുതകരമായ ദൈവിക കൂട്ടായ്മ അനുഭവിക്കുകയും ചെയ്യുന്നു. നിങ്ങളുടെ ജീവിതം അവനുവേണ്ടി സമർപ്പിച്ചിട്ടില്ല എങ്കിൽ, ഇപ്പോൾ തന്നെ അങ്ങനെ ചെയ്യുവാൻ ഞാൻ നിങ്ങളെ നിർബ്ബന്ധിക്കുന്നു.

# ദൈവസ്നേഹം 

### യോഹന്നാൻ 3:16

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.

### റോമർ 5:8

ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു.

### വെളിപ്പാടു് 1:5

വിശ്വസ്തസാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്കു് അധിപതിയും ആയ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

## 2 യേശുക്രിസ്തുവിന്റെ ദൈവത്വം

മത്തായി. 1:22,23

"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവനു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും." എന്നു കർത്താവു പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവൃത്തിയാകുവാൻ ഇതൊക്കെയും സംഭവിച്ചു.

1 തിമൊഥെയോസ് 3:16

അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു, ദൂതന്മാർക്കു പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു.

## യേശു ദൈവത്തിൻെറ പുത്രൻ 3

കൊലൊസ്സ്യർ 2:9

അവനിലല്ലോ ദൈവത്തിൻെറ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്.

യെശയ്യാ 9:6

നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു; ആധിപത്യം അവൻെറ തോളിൽ ഇരിക്കും; അവനു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും.

1 യോഹന്നാൻ 4:15

യേശു ദൈവപുത്രൻ എന്നു സ്വീകരിക്കുന്നവനിൽ ദൈവവും അവൻ ദൈവത്തിലും വസിക്കുന്നു.

# 4 അവൻ ആരാകുന്നു എന്നു യേശു നമ്മോടു പറയുന്നു.

യോഹന്നാൻ 6:35

യേശു അവരോട പറഞ്ഞതു്: ഞാൻ ജീവന്റെ അപ്പം ആകുന്നു. എന്റെ അടുക്കൽ വരുന്നവന്നു വിശക്ക യില്ല: എന്നിൽ വിശ്വസിക്കുന്നവന്നു ഒരു നാളും ദാഹി ക്കയുമില്ല.

യോഹന്നാൻ 11:25

യേശു അവളോടു്: ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരി ച്ചാലും ജീവിക്കും.

യോഹന്നാൻ 10:7

യേശു പിന്നെയും അവരോട പറഞ്ഞതു്: ആമേൻ, ആമേൻ, ഞാൻ നിങ്ങളോട പറയുന്നു: ആടുകളുടെ വാതിൽ ഞാൻ ആകുന്നു.

# യേശു ചെയ്ത അദ്ഭുത പ്രവൃത്തികൾ



മത്തായി 20:30,34

അപ്പോൾ വഴിയരികെ ഇരിക്കുന്ന രണ്ടു കുരുടന്മാർ യേശു കടന്നു പോകുന്നതു കേട്ടു: കർത്താവേ ദാവീദ് പുത്രാ, ഞങ്ങളോടു കരുണതോന്നേണമേ എന്നു നിലവിളിച്ചു....യേശു മനസ്സലിഞ്ഞു അവരുടെ കണ്ണു തൊട്ടു; ഉടനെ അവർ കാഴ്ച പ്രാപിച്ചു; അവനെ അനുഗമിച്ചു.

ലൂക്കൊസ് 5:4–6

സംസാരിച്ചു തീർന്നപ്പോൾ അവൻ ശിമോനോടു; ആഴത്തിലേക്കു നീക്കി മീൻ പിടുത്തത്തിനു വല ഇറക്കുവിൻ എന്നു പറഞ്ഞു. അതിന്നു ശീമോൻ: നാഥാ, ഞങ്ങൾ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല; എങ്കിലും നിന്റെ വാക്കിനു ഞാൻ വല ഇറക്കാം എന്നു ഉത്തരം പറഞ്ഞു. അവൻ അങ്ങനെ ചെയ്തപ്പോൾ പെരുത്ത മീൻ കൂട്ടം അകപ്പെട്ടു വല കീറാറായി.

# 6 യേശുക്രിസ്തു സ്രഷ്ടാവും ദൈവവും ആകുന്നു.

അപ്പൊ പ്രവൃത്തികൾ 2:36

ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നേ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞു കൊള്ളട്ടെ.

കൊലൊസ്സ്യർ 1:16

സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തിരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തിരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

## യേശു ക്രിസ്തു എല്ലാവരുടെയും 7 ന്യായാധിപതി ആകുന്നു.

റോമർ 14:10

എന്നാൽ നീ സഹോദരനെ വിധിക്കുന്നതു എന്തു്? അല്ല, നീ സഹോദരനെ ധിക്കരിക്കുന്നതു എന്തു് ? നാം എല്ലാവരും ദൈവത്തിൻെറ ന്യായാസനത്തിന്നു മുമ്പാകെ നിൽക്കേണ്ടി വരും.

അപ്പൊ. പ്രവൃത്തികൾ 10:42

ജീവികൾക്കും മരിച്ചവൎക്കും ന്യായാധിപതിയായി ദൈവത്താൽ നിയമിക്കപ്പെട്ടവൻ അവൻ തന്നേ എന്നു ജനത്തോടു പ്രസംഗിച്ചു സാക്ഷീകരിപ്പാൻ അവൻ ഞങ്ങളോടു കല്പിച്ചു.

യോഹന്നാൻ 5:22

എല്ലാവരും....പിതാവു ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രന്നു കൊടുത്തിരിക്കുന്നു.

## 8 രക്ഷ ക്രിസ്തുവിൽ കൂടി മാത്രം

എബ്രായർ 5:9

അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു.

അപ്പൊ. പ്രവൃത്തികം 4:12

മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല.

എബ്രായർ 7:25

അതുകൊണ്ടു താൻ മുഖാന്തിരമായി ദൈവത്തോടു അടുക്കുന്നവക്കുവേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു.

# രക്ഷ ക്രിസ്തുവിൽ കൂടി മാത്രം 9

## തീത്തൊസ് 2:14

അവൻ നമ്മെ സകല അധൎമ്മത്തിൽനിന്നും വീ
ണ്ടെടുത്തു സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളൊരു
സ്വന്തജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിന്നു തന്നെ
ത്താൻ നമുക്കുവേണ്ടി കൊടുത്തു

## കൊലൊസ്സ്യർ 1:12–14

വിശുദ്ധന്മാക്കു വെളിച്ചത്തിലുള്ള അവകാശത്തി
ന്നായി നമ്മെ പ്രാപ്തന്മാരാക്കുകയും നമ്മെ ഇരുട്ടിന്റെ
അധികാരത്തിൽനിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂ
പനായ പുത്രന്റെ രാജ്യത്തിലാക്കി വെക്കുകയും ചെയ്തു
പിതാവിന്നു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാ
കേണം എന്നും അപേക്ഷിക്കുന്നു. അവനിൽ നമുക്കു
പാപമോചനമെന്ന വീണ്ടെടുപ്പു ഉണ്ടു്.

# 10 ക്രിസ്തുവിൻെറ രക്തം പ്രായശ്ചിത്തം

എബ്രായർ 9:14

നിത്യാത്മാവിനാൽ ദൈവത്തിന്നു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിൻെറ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസ്സാക്ഷിയെ നിർജ്ജീവ പ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും.

എഫെസ്യർ 1:7

അവനിൽ നമുക്കു അവൻെറ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പു ഉണ്ടു്.

1 യോഹന്നാൻ 1:7

അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ടു്;അവൻെറ പുത്രനായ യേശുവിൻെറ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.

# വിശ്വാസത്താൽ ക്രിസ്തുവിലുള്ള 11 രക്ഷ

1. യോഹന്നാൻ 5:4

ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ. എഫെസ്യർ 2;8--9

കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിന്നും നിങ്ങൾ കാരണമല്ല;ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല.

യോഹന്നാൻ 6:28,29

അവർ അവനോടു ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തികളെ പ്രവർത്തിക്കേണ്ടതിന്നു ഞങ്ങൾ എന്തു ചെയ്യേണം എന്നു ചോദിച്ചു. യേശു അവരോടു; ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ എന്നു ഉത്തരം പറഞ്ഞു.

# ദൈവത്തിൻെറ കരുണ

സങ്കീർത്തനങ്ങൾ 103:17

യഹോവയുടെ ദയയോ എന്നും എന്നേക്കും അവൻെറ ഭക്തന്മാർക്കും അവൻെറ നീതി മക്കളുടെ മക്കൾക്കും ഉണ്ടാകും.

സങ്കീർത്തനങ്ങൾ 108:4

നിൻെറ ദയ ആകാശത്തിനു മീതെ വലുതാകുന്നു. നിൻെറ വിശ്വസ്തത മേഘങ്ങളോളം എത്തുന്നു.

സങ്കീർത്തനങ്ങൾ 103:11

ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നതുപോലെ അവൻെറ ദയ അവൻെറ ഭക്തന്മാരോടു വലുതായിരിക്കുന്നു.

തീത്തൊസ് 3:5–7

അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല തൻെറ കരുണയാൽ പുനർജ്ജനനസ്നാനം കൊണ്ടും പരിശുദ്ധാത്മാവിൻെറ നവീകരണം കൊണ്ടുമത്രെ രക്ഷിച്ചതു.

# അവങ്കലേക്കു വരുന്നതിനു ദൈവം വിളിക്കുന്നു.

വരിക എന്നു ആത്മാവും മണവാട്ടിയും പറയുന്നു: കേൾക്കുന്നവനും വരിക എന്നു പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൌജന്യമായി വാങ്ങട്ടെ. വെളിപ്പാടു 22:17

വരുവിൻ, നമുക്കു തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും. രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും. യെശയ്യാ 1:18

അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ: ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. മത്തായി 11:28

# 14 എല്ലാവരും ദൈവത്തിൻെറ മക്കളല്ല

റോമർ 8:14,15

ദൈവാത്മാവു നടത്തുന്നവർ ഏവരുംദൈവത്തിൻെറ മക്കൾ ആകുന്നു. നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിനു ദാസ്യത്തിൻെറ ആത്മാവിനെ അല്ല നാം അബ്ബാപിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ പ്രാപിച്ചതു്

യോഹന്നാൻ 1:12

അവനെ കൈക്കൊണ്ടു അവൻെറ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു.

1. യോഹന്നാൻ 3:10

ദൈവത്തിൻെറ മക്കൾ ആരെന്നും പിശാചിൻെറ മക്കൾ ആരെന്നും ഇതിനാൽ തെളിയുന്നു. നീതി പ്രവർത്തിക്കാത്തവൻ ആരും സഹോദരനെ സ്നേഹിക്കാത്തവനും ദൈവത്തിൽ നിന്നുള്ളവനല്ല.

## മദ്യപാനത്തെക്കുറിച്ച് ദൈവം എന്തു പറയുന്നു



യെശയ്യ 5:11

അതികാലത്തു എഴുന്നേററു മദ്യം തേടി ഓടുകയും വീഞ്ഞു കുടിച്ചു മത്തരായി സന്ധ്യാസമയത്തു വൈകി ഇരിക്കയും ചെയ്യുന്നവർക്കു അയ്യോ കഷ്ടം.

ഗലാത്യർ 5:19–21

ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പു, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്തു മുതലായവ എന്നു വെളിവാകുന്നു. ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പെ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു.

# 16 ആത്മാർത്ഥത മാത്രം പോരാ

## മർക്കൊസ് 10:17–22

അവൻ പുറപ്പെട്ടു യാത്രചെയ്യുമ്പോൾ ഒരുവൻ ഓടി
വന്നു അവന്റെ മുമ്പിൽ മുട്ടുകുത്തി, നല്ലഗുരോ, നിത്യ
ജീവനെ അവകാശം ആക്കുവാൻ ഞാൻ എന്തു ചെയ്യണം
എന്നു അവനോടു ചോദിച്ചു. അതിനു യേശു: എന്നെ
നല്ലവൻ എന്നുപറയുന്നതു എന്തു്?ദൈവം ഒരുവൻ അല്ലാ
തെ നല്ലവൻ ആരുമില്ല. കൊല ചെയ്യരുതു്, വ്യഭിചാ
രം ചെയ്യരുതു്, മോഷ്ടിക്കരുതു്, കള്ളസ്സാക്ഷ്യം പറയരു
തു്, ചതിക്കരുതു്, നിന്റെ അപ്പനെയും അമ്മയെയും
ബഹുമാനിക്ക എന്നീ കല്പനകളെ നീ അറിയുന്നുവല്ലോ
എന്നു പറഞ്ഞു. അവൻ അവനോടു: ഗുരോ, ഇതു ഒക്കെ
യും ഞാൻ ചെറുപ്പം മുതൽ പ്രമാണിച്ചു പോരുന്നു എന്നു
പറഞ്ഞു. യേശു അവനെ നോക്കി അവനെ സ്നേഹിച്ചു:
ഒരു കുറവു നിനക്കുണ്ടു്;നീ പോയി നിനക്കുള്ളതു എല്ലാം
വിറ്റു ദരിദ്രർക്കു കൊടുക്ക; എന്നാൽ നിനക്കു സ്വർഗ്ഗ

ത്തിൽ നിക്ഷേപം ഉണ്ടാകും: പിന്നെ വന്നു എന്നെ അനു ഗമിക്ക എന്നു പറഞ്ഞു. അവൻ വളരെ സമ്പത്തുള്ളവൻ ആകകൊണ്ടു ഈ വചനത്തിങ്കൽ വിഷാദിച്ചു ദുഃഖിത നായി പൊയ്ക്കളഞ്ഞു.

## വഞ്ചിക്കപ്പെടരുത് 17

1 കൊരിന്ത്യർ 6:9,10

അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കു കയില്ല എന്നു അറിയുന്നില്ലയോ? നിങ്ങളെത്തന്നേ വഞ്ചിക്കാതിരിപ്പിൻ. ദുർന്നടപ്പുകാർ, വിഗ്രഹാരാധി കൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമി കൾ കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാ വിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവ രാജ്യം അവകാശമാക്കുകയില്ല.

# 18 പാപം മരണത്തെ ഉളവാക്കുന്നു

യാക്കോബ് 1:15

മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു; പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു.

റോമർ 5:12

അതുകൊണ്ടു ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരിലും പരന്നിരിക്കുന്നു.

ലൂക്കൊസ് 15:32

നിന്റെ ഈ സഹോദരനോ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടു കിട്ടിയിരിക്കുന്നു. ആകയാൽ ആനന്ദിച്ചു സന്തോഷിക്കേണ്ടതാവശ്യമായിരുന്നു എന്നു പറഞ്ഞു.

യോഹന്നാൻ 11:43,44

ഇങ്ങനെ പറഞ്ഞിട്ട അവൻ: ലാസരേ പുറത്തു വരിക എന്നു ഉറക്കെ വിളിച്ചു. മരിച്ചവൻ പുറത്തു വന്നു; അവന്റെ കാലും കയ്യും ശീലകൊണ്ടു കെട്ടിയും മുഖം റുമാൽ കൊണ്ടു മൂടിയുമിരുന്നു. അവന്റെ കെട്ട അഴിപ്പിൻ; അവൻ പോകട്ടെ എന്നു യേശു അവരോട പറഞ്ഞു.

വെളിപ്പാട 1:18

ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ എന്നെന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ടു്.

# ദൈവ കൽപനകൾ

ആവർത്തനം 5:7-21

ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുതു്. വിഗ്രഹം ഉണ്ടാക്കരുതു്: മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമ അരുതു്. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുതു്...

നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുതു്; തന്റെ നാമം വൃഥാ എടുക്കുന്നവനെ യഹോവ ശിക്ഷിക്കാതെ വിടുകയില്ല.

നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ചതു പോലെ ശബ്ബത്തുനാൾ ശുദ്ധീകരിച്ചു ആചരിക്ക ആറു ദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസമോ നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്താകുന്നു.

നിൻെറ ദൈവമായ യഹോവ നിന്നോടു കല്പിച്ചതു പോലെ നിൻെറ അപ്പനെയും അമ്മയെയും ബഹുമാനിക്ക.

കൊല ചെയ്യരുതു്.

വ്യഭിചാരം ചെയ്യരുതു്.

മോഷ്ടിക്കരുതു്.

കൂട്ടുകാരൻെറ നേരെ കള്ള സാക്ഷ്യം പറയരുതു്.

കൂട്ടുകാരൻെറ ഭാര്യയെ മോഹിക്കരുതു്; കൂട്ടുകാരൻെറ ഭവനത്തെയും നിലത്തെയും അവൻെറ വേലക്കാരനെയും വേലക്കാരത്തിയെയും അവൻെറ കാളയെയും കഴുതയെയും കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുതു്.

## 22 നിനക്ക് ദൈവത്തിങ്കൽ നിന്ന് ഒളിപ്പാൻ സാദ്ധ്യമല്ല

ലൂക്കൊസ് 8:17

വെളിപ്പെടാതെ ഗൂഢമായതു ഒന്നുമില്ല; പ്രസിദ്ധമായി വെളിച്ചത്തു വരാതെ മറവായിരിക്കുന്നതും ഒന്നുമില്ല.

ഇയ്യോബ് 34:21,22

അവന്റെ ദൃഷ്ടി മനുഷ്യന്റെ വഴികളിന്മേൽ ഇരിക്കുന്നു; അവന്റെ നടപ്പു ഒക്കെയും അവൻ കാണുന്നു. ദുഷ്പ്രവൃത്തിക്കാർക്കു ഒളിച്ചുകൊള്ളേണ്ടതിന്നു അവിടെ ഇരുട്ടുമില്ല, അന്ധതമസ്സുമില്ല.

സദൃശവാക്യങ്ങൾ 15:3

യഹോവയുടെ കണ്ണു എല്ലാടവും ഉണ്ടു്. ആകാത്തവരെയും നല്ലവരെയും നോക്കിക്കൊണ്ടിരിക്കുന്നു.

## നിരീശ്വരന്മാരുടെ നിത്യ ശിക്ഷാവിധി 

സങ്കീർത്തനങ്ങൾ 9:17

ദുഷ്ടന്മാരും ദൈവത്തെ മറക്കുന്ന സകല ജാതികളും പാതാളത്തിലേക്കു തിരിയും.

മത്തായി 25:46

ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും

മത്തായി 13:41,42

മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയക്കും; അവർ അവന്റെ രാജ്യത്തിൽ നിന്നു എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടിച്ചേർത്തു തീച്ചൂളയിൽ ഇട്ടുകളയും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും.

# ന്യായവിധി വരുന്നു

1 യോഹന്നാൻ 4:17

ന്യായവിധി ദിവസത്തിൽ നമുക്കു ധൈര്യം ഉണ്ടാവാൻ തക്കവണ്ണം ഇതിനാൽ സ്നേഹം നമ്മോടു തികഞ്ഞിരിക്കുന്നു.

അപ്പൊ. പ്രവൃത്തികം 17:31

താൻ നിയമിച്ച പുരുഷൻ മുഖാന്തിരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു. അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേൽപ്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പു നൽകിയുമിരിക്കുന്നു.

റോമർ 14:12

ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടിവരും.

1 പത്രൊസ് 5:5

ദൈവം നിഗളികളോടു എതിർത്തു നിൽക്കുന്നു; താഴ്മയുള്ളവർക്കോ കൃപ നൽകുന്നു.

റോമർ 9:16

അതുകൊണ്ടു ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ തോന്നുന്ന ദൈവത്താലത്രേ സകലവും സാധിക്കുന്നതു്.

2 കൊരിന്ത്യർ 8:9

നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവൻെറ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന്നു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ.

## മാനസാന്തരം

ലൂക്കൊസ് 13:3

അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നേ നശിച്ചു പോകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

അപ്പൊ:പ്രവൃത്തികൾ 3:19

ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിന്നു മാനസാന്തരപ്പെട്ടു തിരിഞ്ഞു കൊൾവിൻ; എന്നാൽ കർത്താവിന്റെ സമ്മുഖത്തുനിന്നു ആശ്വാസകാലങ്ങൾ വരും.

2 കൊരിന്ത്യർ 7:10

ദൈവഹിതപ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷെക്കായി ഉളവാക്കുന്നു; ലോകത്തിന്റെ ദുഃഖമോ മരണത്തെ ഉളവാക്കുന്നു.

ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും. വെളിപ്പാടു് 3:20

നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കും മത്തായി 6:14

ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ചു യഹോവയിങ്കലേക്കു തിരിയട്ടെ; അവൻ അവനോടു കരുണ കാണിക്കും: നമ്മുടെ ദൈവത്തിങ്കലേക്കു തിരിയട്ടെ അവൻ ധാരാളം ക്ഷമിക്കും. യെശയ്യാ 55:7

# 28 ലൗകികത്വത്തിൽ നിന്നുള്ള വേർപാട്

ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിൻെറ സ്നേഹം ഇല്ല. ജഡമോഹം, കണ്മോഹം, ജീവനത്തിൻെറ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു. 1 യോഹന്നാൻ 2:15,16

ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ. കൊലൊസ്സ്യർ 3:2

ഇരുട്ടിൻെറ നിഷ്ഫല പ്രവൃത്തികളിൽ കൂട്ടാളികൾ ആകരുതു; അവയെ ശാസിക്ക അത്രേ വേണ്ടതു.
എഫെസ്യർ 5:11

യേശു അവനോട്; ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല എന്നു ഉത്തരം പറഞ്ഞു. യോഹന്നാൻ 3:3

ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞു പോയി, ഇതാ, അതു പുതുതായിതീർന്നിരിക്കുന്നു. 2 കൊരിന്ത്യർ 5:17

ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നും നാം അറിയുന്നു; ദൈവത്തിൽ നിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു. ദുഷ്ടൻ അവനെ തൊടുന്നതുമില്ല. 1 യോഹന്നാൻ 5:18

# 30 പാപത്തിനു മരിച്ചു—ക്രിസ്തുവിൽ ഉയർത്തു

പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതു എങ്ങനെ?...അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ. റോമർ 6:2,11

ആകയാൽ നിങ്ങൾ ക്രിസ്തുവിനോടു കൂടെ ഉയിർത്തെഴുന്നേററിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിൻെറ വലത്തു ഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. കൊലൊസ്സ്യർ 3:1

ക്രിസ്തുയേശുവിന്നുള്ളവർ ജഡത്തെ അതിൻെറ രാഗമോഹങ്ങളോടും കൂടെ ക്രൂശിച്ചിരിക്കുന്നു. ഗലാത്യർ 5:24

# നിത്യ ജീവൻ

റോമർ 6:23

പാപത്തിൻെറ ശമ്പളം മരണമത്രേ; ദൈവത്തിൻെറ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യ ജീവൻ തന്നേ.

യോഹന്നാൻ 17:3

ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നേ നിത്യജീവൻ ആകുന്നു.

യോഹന്നാൻ 5:24

ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു:എൻെറ വചനംകേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടു്.അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു.

കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നേ സ്നേഹിക്കുക. നാം സത്യത്തിന്റെ പക്ഷത്തുനിൽക്കുന്നവർ എന്നു ഇതിനാൽ അറിയും; നമ്മുടെ ഹൃദയത്തെ അവന്റെ സന്നിധിയിൽ ഉറപ്പിക്കാം. 1 യോഹന്നാൻ 3:18,19

യെശയ്യാ 32:17

നീതിയുടെ പ്രവൃത്തി സമാധാനവും നീതിയുടെ ഫലം ശാശ്വത വിശ്രമവും നിർഭയതയും ആയിരിക്കും.

യോഹന്നാൽ 14:21

എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവു സ്നേഹിക്കുന്നു ഞാനും അവനെ സ്നേഹിച്ചു അവന്നു എന്നെത്തന്നെ വെളിപ്പെടുത്തും.

# ഉള്ളിൽ വസിക്കുന്ന ക്രിസ്തു സന്തോഷം നൽകുന്നു



സങ്കീർത്തനങ്ങൾ 16:11

ജീവന്റെ വഴി നീ എനിക്കു കാണിച്ചു തരും; നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും നിന്റെ വലത്തുഭാഗത്തു എന്നും പ്രമോദങ്ങളും ഉണ്ടു്.

ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രേ. റോമർ 14:17

ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു്. ഗലാത്യർ 2:20

## 34 ദൈവത്തോടുള്ള അനുസരണം ആവശ്യം

നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെ ത്തന്നെ സമർപ്പിക്കയും നിങ്ങൾ അനുസരിച്ചു പോരികയും ചെയ്യുന്നവന്നു ദാസന്മാർ ആകുന്നു എന്നു അറിയുന്നില്ലയോ? ഒന്നുകിൽ മരണത്തിന്നായി പാപത്തിന്റെ ദാസന്മാർ, അല്ലെങ്കിൽ നീതിക്കായി അനുസരണത്തിന്റെ ദാസന്മാർ തന്നേ. റോമർ 6:16

കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടു കൂടെ ആശ്വാസവും പകരം നൽകുന്നതു ദൈവ സന്നിധിയിൽ നീതിയല്ലോ? 2 തെസ്സലൊനീക്യർ 1:6–8

# ക്രിസ്തുവിനെ ഏററു പറയേണം 35

മത്തായി 10:32,33

മനുഷ്യരുടെ മുമ്പിൽ എന്നെ ഏററു പറയുന്ന ഏവനെയും സ്വർഗ്ഗസ്ഥനായ എൻെറ പിതാവിൻ മുമ്പിൽ ഞാനും ഏററുപറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ എൻെറ പിതാവിൻ മുമ്പിൽ ഞാനും തള്ളിപ്പറയും.

റോമർ 10:9,10

യേശുവിനെ കർത്താവു എന്നു വായ്കൊണ്ടു ഏററുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കയും വായ്കൊണ്ടു രക്ഷക്കായി ഏററുപറകയും ചെയ്യുന്നു.

# 36 സാത്താൻ നമ്മുടെ പ്രധാന ശത്രു

നിർമ്മദരായിരിപ്പിൻ; ഉണന്നിരിപ്പിൻ;നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുററി നടക്കുന്നു.

1 പത്രൊസ് 5:8

പിശാചിൻെറ തന്ത്രങ്ങളോടു എതിർത്തു നില്പാൻ കഴിയേണ്ടതിന്നു ദൈവത്തിൻെറ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ.

എഫെസ്യർ 6:11

അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശുവിനെ ആത്മാവു മരുഭൂമിയിലേക്കുനടത്തി...യേശു അവനോടു്: സാത്താനേ, എന്നെ വിട്ടുപോ: ''നിൻെറ ദൈവമായ കർത്താവിനെ നമസ്ക്കരിച്ചു അവനെ മാത്രമേ ആരാധിക്കാവൂ'' എന്നു എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. അപ്പോൾ പിശാചു അവനെ വിട്ടുപോയി; ദൂതന്മാർ അടുത്തു വന്നു അവനെ ശുശ്രൂഷിച്ചു.

മത്തായി 4:1,10,11

2 തെസ്സലോനിക്യർ 2:8

അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും; അവനെ കർത്താവായ യേശു തൻെറ വായിലെ ശ്വാസത്താൽ ഒടുക്കി തൻെറ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും·

1. യോഹന്നാൻ 3:8

പാപം ചെയ്യുന്നവൻ പിശാചിൻെറ മകൻ ആകുന്നു. പിശാചു ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിൻെറ പ്രവൃത്തികളെ അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി.

യാക്കോബ് 4:7,8

ആകയാൽ നിങ്ങൾ ദൈവത്തിന്നു കീഴടങ്ങുവിൻ; പിശാചിനോടു എതിർത്തു നില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും.ദൈവത്തോടു അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോടു അടുത്തു വരും.

# 38 സ്നേഹം, ശിഷ്യത്വത്തിൻെറ പരിശോധന

ഗലാത്യർ 5:22,23

ആത്മാവിൻെറ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം.

1 യോഹന്നാൻ 4:20

ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറകയും തൻെറ സഹോദരനെ പകെക്കയും ചെയ്യുന്നവൻ കള്ളനാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന്നു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല.

യോഹന്നാൻ 13:35

നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എൻെറ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും.

# യേശുക്രിസ്തുവിന്റെ പുനരുത്ഥാനം

നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിന്നു ഏല്പിച്ചും നമ്മുടെ നീതീകരണത്തിന്നായി ഉയിർപ്പിച്ചുമിരിക്കുന്ന നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽ നിന്നു ഉയർപ്പിച്ചവനിൽ വിശ്വസിക്കുന്ന നമുക്കും കണക്കിടുവാനുള്ളതാകയാൽ തന്നേ. റോമർ 4:24,25

എട്ടു ദിവസം കഴിഞ്ഞിട്ടു ശിഷ്യന്മാർ പിന്നെയും അകത്തുകൂടിയിരിക്കുമ്പോൾ തോമസും ഉണ്ടായിരുന്നു. വാതിൽ അടച്ചിരിക്കെ യേശുവന്നു നടുവിൽ നിന്നു കൊണ്ടു; നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞു. പിന്നെ തോമസിനോടു; നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ കാൺക; നിന്റെ കൈനീട്ടി എന്റെ വിലാപ്പുറത്തു ഇടുക; അവിശ്വാസി ആകാതെ വിശ്വാസിയായിരിക്ക എന്നു പറഞ്ഞു. തോമസ് അവനോടു എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ എന്നു ഉത്തരം പറഞ്ഞു. യോഹന്നാൻ 20:26,28

# 40 പുനരുത്ഥാനം, നമ്മുടെ മഹത്വകരമായ പ്രത്യാശ

റോമർ 6:3–5

അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏററവരായ നാം എല്ലാവരും അവൻെറ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏററിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?അങ്ങനെ നാം അവൻെറ മരണത്തിൽ പങ്കാളികളായിത്തീൎന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തുമരിച്ചിട്ടു പിതാവിൻെറ മഹിമയാൽ ജീവിച്ചെഴുന്നേററതുപോലെ നാമും ജീവൻെറ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ. അവൻെറ മ.രണത്തിൻെറ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിൻെറ സാദൃശ്യത്തോടും ഏകീഭവിക്കും.

ഞാൻ നിങ്ങളെ മാനസാന്തരത്തിന്നായി വെള്ളത്തിൽ സ്നാനം ഏല്പിക്കുന്നതേയുള്ളു. എന്റെ പിന്നാലെ വരുന്നവനോ എന്നെക്കാറം ബലവാൻ ആകുന്നു; അവന്റെ ചെരിപ്പു ചുമപ്പാൻ ഞാൻ മതിയായവനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏൽപിക്കും. മത്തായി 3:11

നമ്മുടെ ശത്രുക്കളുടെ കയ്യിൽ നിന്നു രക്ഷിക്കപ്പെട്ട നാം ആയുഷ്ക്കാലം ഒക്കെയും ഭയംകൂടാതെ തിരുമുമ്പിൽ വിശുദ്ധിയിലും നീതിയിലും തന്നെ ആരാധിപ്പാൻ നമുക്കു കൃപ നൽകുമെന്നു...തന്റെ വിശുദ്ധ നിയമവും ഓർത്തതു കൊണ്ടും ആകുന്നു. ലൂക്കൊസ് 1:73–75

നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ.

1 പത്രൊസ് 1:15

# 42 ആത്മനിറവുള്ള മനുഷ്യർ

റോമർ 8:9

നിങ്ങളോ, ദൈവത്തിൻെറ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നു വരികിൽ ജഡസ്വഭാവമുള്ളവരല്ല ആത്മസ്വഭാവമുള്ളവരത്രേ. ക്രിസ്തുവിൻെറ ആത്മാവി ല്ലാത്തവൻ അവനുള്ളവനല്ല.

അപ്പൊ:പ്രവൃത്തികൾ 1:8

എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരു മ്പോൾ നിങ്ങൾ ശക്തിലഭിച്ചിട്ടു....എൻെറ സാക്ഷി കൾ ആകും എന്നു പറഞ്ഞു.

അപ്പൊ.പ്രവൃത്തികൾ 4:31

ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥ ലം കുലുങ്ങി; എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞ വ രായി ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു.

# ക്രിസ്ത്യാനിക്കുള്ള മഹത്തായ വാഗ്ദാനങ്ങൾ 

പ്രിയമുള്ളവരേ, നിങ്ങൾക്ക പരീക്ഷക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വകാര്യം നിങ്ങൾക്ക വന്നുകൂടി എന്നു വെച്ചു അതിശയിച്ചു പോകരുത്. ക്രിസ്തുവിൻെറ കഷ്ടങ്ങൾക്ക പങ്കുള്ളവരാകുന്തോറും സന്തോഷിച്ചു കൊൾവിൻ. അങ്ങനെ നിങ്ങൾ അവൻെറ തേജസ്സിൻെറ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും.

യെശയ്യ 66:2

എൻെറ കൈ ഇതൊക്കെയും ഉണ്ടാക്കി; അങ്ങനെ യാകുന്നു ഇതൊക്കെയും ഉളവായതു എന്നു യഹോവ അരുളിച്ചെയ്യുന്നു; എങ്കിലും അരിഷ്ടനും മനസ്സു തകർന്നവനും എൻെറ വചനത്തിങ്കൽ വിറക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും.

# 44 പരീക്ഷിക്കപ്പെടുന്നവർക്കുള്ള വാഗ്ദാനങ്ങൾ

സങ്കീർത്തനങ്ങൾ 34:19

നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു. അവ എല്ലാററിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു.

1 കൊരിന്ത്യർ 10:13

മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന്നു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും.

റോമർ 16:20

സമാധാനത്തിന്റെ ദൈവമോ വേഗത്തിൽ സാത്താനെ നിങ്ങളുടെ കാൽക്കീഴെ ചതച്ചു കളയും.

ജയിക്കുന്നവന്നു ഞാൻ എന്നോടു കൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും; ഞാനും ജയിച്ചു എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെ തന്നേ. വെളിപ്പാട് 3:21

അവർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചും കൊണ്ടു എന്നോടുകൂടെ നടക്കും, ജയിക്കുന്നവൻ വെള്ളയുടുപ്പു ധരിക്കും; അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽ നിന്നു മായിച്ചുകളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റു പറയും. വെളിപ്പാടു 3:5

ജയിക്കുന്നവന്നു ഇതു അവകാശമായി ലഭിക്കും;ഞാൻ അവന്നു ദൈവവും അവൻ എനിക്കു മകനുമായിരിക്കും. വെളിപ്പാട് 21:7

# 46 വിവാഹ മോചനത്തെക്കുറിച്ച് ദൈവം സംസാരിക്കുന്നു.

ഭാര്യയെ ഉപേക്ഷിച്ചു മറെറാരുത്തിയെ വിവാഹം കഴിക്കുന്നവൻ എല്ലാം വ്യഭിചാരം ചെയ്യുന്നു; ഭർത്താവു ഉപേക്ഷിച്ചവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു. ലൂക്കൊസ് 16:18

ഭർത്താവുള്ള സ്ത്രീ ജീവിച്ചിരിക്കുന്ന ഭർത്താവിനോടു ന്യായപ്രമാണത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഭർത്താവു മരിച്ചാൽ അവൾ ഭർത്തൃന്യായപ്രമാണത്തിൽനിന്നു ഒഴിവുള്ളവളായി. ഭർത്താവു ജീവിച്ചിരിക്കുമ്പോൾ അവൾ വേറെ പുരുഷന്നു ആയാൽ വ്യഭിചാരിണി എന്നു പേർ വരും; ഭർത്താവു മരിച്ചു എങ്കിലോ അവൾ വേറെ പുരുഷന്നു ആയാൽ വ്യഭിചാരിണി എന്നു വരാതവണ്ണം ന്യായപ്രമാണത്തിൽ നിന്നു സ്വതന്ത്രയാകുന്നു.

റോമർ 7:2,3

ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും.

യോഹ. 14:3

നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാകകൊണ്ടു അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു. അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു.

1 യോഹന്നാൻ 3:2,3

മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും. അപ്പോൾ അവൻ ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം കൊടുക്കും.

മത്തായി 16:27

ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല. ലൂക്കൊസ് 21:33

പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ. 2 പത്രൊസ് 1:21

നിന്റെ വചനം എ ന്റെ കാലിനു ദീപ വും പാതയ്ക്കു പ്ര കാശവും ആകുന്നു. സങ്കീ. 119:105

## ക്ഷമയും പ്രാർത്ഥനയും

നിങ്ങൾ ഈവണ്ണം പ്രാർത്ഥിപ്പിൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാം വിശുദ്ധീകരിക്കപ്പെടേണമെ, നിന്റെ രാജ്യം വരേണമെ, നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമെ, ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം തരേണമെ, ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമെ. രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ...

മത്തായി 6:9–15

# ദൈവീകപദ്ധതിപ്രകാരമുള്ള രക്ഷ

### എനിക്കു ഒരു രക്ഷകനെ വേണം

ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി തീർന്നു. റോമർ 3:23

നിങ്ങളുടെ അകൃത്യങ്ങൾ അത്രെ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്.യെശ. 59:2

### ക്രിസ്തു എനിക്കുവേണ്ടി മരിച്ചു

ക്രിസ്തുവും നമ്മെ ദൈവത്തോടു അടുപ്പിക്കേണ്ടതിനു നീതിമാനായി നീതികെട്ടവർക്കു വേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടം അനുഭവിച്ചു. 1 പത്രൊസ് 3:18

### എന്റെ പാപങ്ങളിൽ നിന്നു ഞാൻ മാനസാന്തരപ്പെടണം

തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവനു ശുഭം വരികയില്ല. അവയെ ഏറ്റുപറഞ്ഞു പേക്ഷിക്കുന്നവന്നോ കരുണ ലഭിക്കും. സദൃശവാക്യം 28:13

ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന് മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ.അപ്പൊ.പ്രവൃ. 3:19

### വിശ്വാസത്താൽ ഞാൻ യേശുവിനെ സ്വീകരിക്കും

അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും... അധികാരം കൊടുത്തു. യോഹ. 1:12

### എന്റെ രക്ഷയെക്കുറിച്ച് എനിക്കു ഉറപ്പുള്ളവനായിരിക്കാൻ കഴിയും

പുത്രനുള്ളവനു ജീവൻ ഉണ്ട്...
1 യോഹന്നാൻ 5:12

ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്. അവൻന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു. യോഹന്നാൻ 5:24

For more information or to request a free Bible study, please write to:

**WMP**
**India Bible Literature**
**67 Beracah Road**
**Kilpauk, Chennai 600 010**